A

സമഗ്രശിക്ഷാ, കേരളം

8001

രണ്ടാംപാദ വാർഷിക മൂല്യനിർണയം 2022 – 23

# ആരോഗ്യ കായികവിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം

ക്ലാസ് - VIII

സമയം : 2 മണിക്കൂർ

ആകെ സ്കോർ : 45

**പൊതു നിർദ്ദേശങ്ങൾ**

- ആരോഗ്യ കായികവിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം എന്നീ വിഷയങ്ങളെ മൂന്ന് വിഭാഗങ്ങളായിട്ടാണ് ചോദ്യപേപ്പറിൽ ക്രമീകരിച്ചിട്ടുള്ളത്.
- ഓരോ വിഭാഗത്തിനും 15 സ്കോർ വീതം. എഴുത്തുപരീക്ഷക്കുള്ള 2 മണിക്കൂറിൽ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- മൂന്ന് വിഭാഗത്തിന്റെയും ഉത്തരങ്ങൾ പ്രത്യേകം പേപ്പറിൽ എഴുതി നൽകേണ്ടതാണ്. അവയിലെല്ലാം വിഷയം, പേര്, ക്ലാസ്, റോൾനമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തണം.

## ആരോഗ്യ കായികവിദ്യാഭ്യാസം

സമയം : 40 മിനിറ്റ്

ആകെ സ്കോർ : 15

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരം എഴുതുക. ശരിയുത്തരത്തിന് 1 സ്കോർ വീതം.** $(4 \times 1 = 4)$

1. ഉയരത്തിൽ നിന്നും ചാടുമ്പോൾ തറയിൽ പതിക്കുന്നതിന്റെ ആഘാതം കുറയ്ക്കുന്നതിന് ഉപയോഗിക്കുന്ന ഒരു തന്ത്രമാണ്.

   (ക്യാച്ചിങ്, ലിഫ്റ്റിങ്, ലാന്റിങ്, ഹോപ്പിങ്)

2. ചിത്രം നിരീക്ഷിച്ച് ഹൃദയമിടിപ്പ് പരിശോധിക്കുന്ന പ്രവർത്തനത്തിന്റെ പേര് എഴുതുക?

   (കരോട്ടിഡ് പൾസ്, റേഡിയൽ പൾസ്, ഫെമോറൽ പൾസ്, പോപ്ലിട്ടിൽ പൾസ്)



3. ഒടിവ് സംഭവിച്ചാൽ നൽകുന്ന ഒരു പ്രഥമശുശ്രൂഷ രീതിയാണ്.

   (സ്ലിങ്, എ.ബി.സി, ശ്വസനം, ലിഫ്റ്റിങ്)

4. സന്ധികളിൽ നിന്നും അസ്ഥികൾ പൂർണ്ണമായും മാറി നിൽക്കുന്ന അവസ്ഥയാണ്

   (ഡിസ്‌ലൊക്കേഷൻ, സബ്‌ലക്സേഷൻ, പേശിശക്തി, പവർ)

5. അപകടംമൂലം ബോധം നഷ്ടപ്പെട്ടയാൾക്ക് അടിയന്തിരമായി നൽകുന്ന പ്രഥമശുശ്രൂഷയാണ്.

   (വിശ്രമം, ഐസ്, സ്ലിങ് കെട്ടുക, എ.ബി.സി.)

6. ........................ എന്ന ശേഷി ഉള്ളതിനാലാണ് 'ട്രിപ്പിൾ ചെയ്സ്' കളിക്കിടയിൽ അനായാസം ഒഴിഞ്ഞുമാറുവാൻ കഴിയുന്നത്.

   (പവർ, ചുറുചുറുക്ക്, ബാലൻസ്, പേശിശക്തി.)

**7 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരം എഴുതുക. ശരിയുത്തരത്തിന് 2 സ്കോർ വീതം.** $(4 \times 2 = 8)$

7. അസ്ഥിഭംഗത്തിന്റെ ലക്ഷണങ്ങൾ എന്തെല്ലാം?
8. ഏതെങ്കിലും നാല് യോഗാസനത്തിന്റെ പേര് എഴുതുക?

9 പ്രഥമശുശ്രൂഷ എന്നാൽ എന്ത്?

10. ക്യാച്ചിങ്ങിന്റെ വിവിധ ഘട്ടങ്ങൾ വിശദമാക്കുക ?

11. സൂര്യാഘാതത്തിൽ നിന്നുള്ള സുരക്ഷാ മുൻകരുതലുകൾ എന്തെല്ലാം?

12 ലിഫ്റ്റിങ് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എഴുതുക.?

**13, 14 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരം എഴുതുക. ശരിയുത്തരത്തിന് 3 സ്കോർ.**
(1× 3 = 3)

13. റോളിങ് എന്നാൽ എന്ത്? റോളിങ് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട സുരക്ഷാ മുൻകരുതലുകൾ വിവരിക്കുക.

14. സ്ഥിരമായി യോഗ പരിശീലനത്തിലൂടെ കൈവരിക്കുന്ന നേട്ടങ്ങൾ എന്തെല്ലാം?

---

## കലാവിദ്യാഭ്യാസം

സമയം : 40 മിനിറ്റ്
ആകെ സ്കോർ : 15

---

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക. ശരിയുത്തരത്തിന് ഒരു സ്കോർ.** (4 × 1 = 4)

1. മനുഷ്യരൂപങ്ങളെ നിരീക്ഷിച്ച് വരക്കുന്നചിത്രത്തിന് പൊതുവിൽ പറയുന്ന പേരെന്താണ്?

(ഛായാചിത്രം, ചുമർചിത്രം, ധൂളിചിത്രം, ടെമ്പറചിത്രം)

2. സോപാന സംഗീതത്തിൽ ഉപയോഗിക്കുന്ന വാദ്യം താഴെ തന്നിരിക്കുന്ന ചിത്രം നോക്കി തിരിച്ചറിയുക.



(മൃദംഗം, തബല, ഇടയ്ക്ക, തകിൽ)

3. ഏതൊക്കെ കലാരൂപങ്ങളുടെ ചിത്രങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്?





(വടിപ്പാവ- കയ്യുറപ്പാവ , നിഴൽപ്പാവ-നൂൽപ്പാവ , വിരൽപ്പാവ-തുകൽപ്പാവ , മരപ്പാവ-കളിമൺപ്പാവ)

4. "തിത്തിത്താരാ തിത്തിത്തെയ്യ്
തിത്തെയ് തകതെയ്തെയ്തോം..
കുട്ടനാടൻ പുഞ്ചയിലെ...
കൊച്ചുപെണ്ണേ കുയിലാളേ...
കൊട്ടുവേണം കുഴൽവേണം കുരവവേണം..." ഈ ഗാനം ഏത് സംഗീതശാഖയിൽ ഉൾപ്പെടുന്നു?
(മാപ്പിളപ്പാട്ട്, ഓണപ്പാട്ട്, വഞ്ചിപ്പാട്ട്, വില്ലടിച്ചാൺപ്പാട്ട്)

5. നിഴൽപ്പാവക്കൂത്ത് രംഗത്ത് അവതരിപ്പിക്കുമ്പോൾ വെളിച്ചം ക്രമീകരിക്കേണ്ടത് പാവകളുടെ ഏത് വശത്തായാണ്?

(മുൻവശത്ത്, പിൻവശത്ത്, ഇടത്‌വശത്ത്, വലതുവശത്ത്)

6. കുട്ടിക്കാലത്തുതന്നെ 25,000 ത്തോളം ചിത്രങ്ങൾ വരച്ച് വളരെ ചെറിയ പ്രായത്തിൽ തന്നെ മരണമടഞ്ഞ വിഖ്യാത കലാകാരനാര്?

(എഡ്മണ്ട് തോമസ് ക്ലിന്റ്, രാജൻ.എം.കൃഷ്ണൻ, സി.എൻ.കരുണാകരൻ, എം.വി.ദേവൻ)

**7 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ. ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം.** **(3 × 2 = 6)**

7. ചിത്രത്തിൽ കൊടുത്തിരിക്കുന്ന വാദ്യോപകരണങ്ങളെ തിരിച്ചറിയുക.



8. ഒരു നൃത്തം മനോഹരമാകണമെങ്കിൽ എന്തെല്ലാം ഘടകങ്ങൾ ശ്രദ്ധിക്കണം?

9. വിരൽപ്പാവ നാടകത്തിനായി പാവകൾ നിർമ്മിക്കുന്ന രീതി താഴെകൊടുത്തിരിക്കുന്നു. ശരിയായ ക്രമത്തിൽ എടുത്തെഴുതുക.

(പേപ്പർ കുഴലിൽ ഒട്ടിക്കുന്നു- പേപ്പർകുഴൽ നിർമ്മിക്കുന്നു- കഥാപാത്രങ്ങളുടെ തലകൾ വരച്ച് വെട്ടിയെടുക്കുന്നു- കഥാപാത്രങ്ങളെ നിശ്ചയിക്കുന്നു)

10. നിങ്ങൾ സംവിധാനം ചെയ്യുന്ന ഷോർട്ട്ഫിലിമിൽ ഒരു കർഷകന്റെ റോൾ ഉണ്ട്. ആ കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ സ്റ്റോറിബോർഡിന് ഇണങ്ങുന്ന രീതിയിൽ താഴെ നൽകിയ സൂചനകൾക്കനുസരിച്ച് ഭാവനാത്മകമായി വരക്കുക.



1. കർഷകന്റെ മുഖം

2. പാടത്തേക്ക് നടന്നു പോകുന്ന കർഷകൻ

3. കൃഷിയിൽ ഏർപ്പെടുന്ന കർഷകൻ

11. "വീട്ടുമുറ്റത്ത് പൂത്തുനിൽക്കുന്ന ചെടികളെ പരിപാലിച്ചുകൊണ്ടിരിക്കുന്ന കുട്ടിയും അരികത്ത് കളിയിൽ ഏർപ്പെട്ട് കൊണ്ട് ഒരു പൂച്ചക്കുട്ടിയും ഉണ്ട്. മുറ്റത്തിന്റെ അതിരിലുള്ള പ്ലാവിൽ നിറയെ ചക്കകളുണ്ട്."- ഈ വിവരണം വായിക്കുമ്പോൾ നിങ്ങളുടെ മനസ്സിൽ തെളിഞ്ഞു വരുന്ന ദൃശ്യങ്ങൾ ചേർത്ത് ചിത്രമാക്കി മാറ്റൂ.

(ചിത്രങ്ങൾ വരയ്ക്കുന്നതിനായി പ്രത്യേകം പേപ്പർ ഉപയോഗിക്കുക)

**12 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക. ശരിയുത്തരത്തിന് 5 സ്കോർ.** (1 × 5 = 5)

12. രംഗം-1

"സ്കൂൾ കവാടത്തിന് അരികിൽ നിന്ന് പുകവലിക്കാൻ ശ്രമിക്കുന്ന ഒരാൾ, അയാളെ എതിർത്തു കൊണ്ട് ഒരു കൂട്ടം കുട്ടികൾ അയാളുടെ അടുത്തേക്ക് നടന്നു നീങ്ങുന്നു."

രംഗം-2, രംഗം-3 എന്നിവ ചേർത്ത് 'ലഹരിവിരുദ്ധ' സന്ദേശം ഉൾക്കൊള്ളുന്ന നാടകതിരക്കഥ തയ്യാറാക്കുക.

13. "വഴി തെറ്റി കാട്ടിലകപ്പെട്ട കുട്ടി. ഇടവഴികളിലൂടെ നടന്ന് പുഴവക്കത്തെത്തി. മറുകരയിൽ വെള്ളം കുടിച്ചുകൊണ്ടിരിക്കുന്ന മാൻകൂട്ടം.അസ്തമന സൂര്യന്റെ പശ്ചാത്തലത്തിൽ നിറയെ പൂക്കളുള്ള മരങ്ങൾ..."

ഈ ദൃശ്യങ്ങൾ ഭാവനാത്മകമായി വരച്ച് അനുയോജ്യമായ നിറങ്ങൾ കൊടുത്ത് പൂർത്തിയാക്കുക. (വരയ്ക്കാൻ പ്രത്യേക പേപ്പർ ഉപയോഗിക്കുക)

14. താഴെ തന്നിരിക്കുന്ന സംഗീതരൂപങ്ങളിൽ ഏതെങ്കിലും ഒന്നിനെക്കുറിച്ച് വിശദീകരിക്കുക.



വില്ലടിച്ചാൻപാട്ട്



വഞ്ചിപ്പാട്ട്



നാടൻപാട്ട്

## പ്രവൃത്തിപഠനം

**സമയം : 40 മിനിറ്റ്**
**ആകെ സ്കോർ : 15**

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലം മൂന്നെണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 1 സ്കോർ വീതം.** (3 × 1= 3)

1. താഴെപറയുന്നവയിൽ അക്ഷരങ്ങളും അക്കങ്ങളും അടയാളപ്പെടുത്തുന്നതിന് ഉപയോഗിക്കുന്ന അലങ്കാര തയ്യൽ ഏതാണ് ?

(ബുള്ള്യൻ സ്റ്റിച്ച്, ലെയ്സി ഡെയ്സി, ക്രോസ് സ്റ്റിച്ച്, ലോങ് ആന്റ് ഷോർട്ട്)

2. ചന്ദനത്തിരി നിർമാണത്തിൽ പെർഫ്യൂം നേർപ്പിക്കുന്നതിന് ഉപയോഗിക്കുന്ന അസംസ്കൃത വസ്തു

(ജലം, ഡി.ഇ.പി ഓയിൽ, ചന്ദനതൈലം, പുൽതൈലം)

3. സട്രോ ബോർഡ് ഉപയോഗിച്ച് നിർമ്മിക്കുന്ന ഓഫീസ് ഫയലിന്റെ അളവ്

(50x30cm, 35cm x 20cm, 40cm x 40cm, 23 x 32cm)

4. വിവിധതരം പേപ്പറുകൾ ഉപയോഗിച്ച് മുറിക്കുകയോ, ഒട്ടിക്കുകയോ ചെയ്യാതെ മടക്കുകളിലൂടെ രൂപങ്ങൾ നിർമിക്കുന്ന രീതിയാണ്..............................


(ഒറിഗാമി, എംബോസിംഗ്, ടാൻഗ്രാം, കിറിഗമി)

**5 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 2 സ്കോർ.**
**(4 × 2 = 8)**

5. ചേരുംപടി ചേർക്കുക

| | |
|---|---|
| പൂമ്പൊടി | ടെസ്റ്റർ |
| വൈദ്യുതി | പപ്പറ്റ് |
| ലെതർ | ഫ്രഞ്ച്നോട്ട് |
| പ്ലാസ്റ്റിക്ക്കുപ്പി | ബാഗ് |

6. പദസൂര്യൻ പൂർത്തിയാക്കുക?




7. ഇലക്ട്രിക്കൽ വയറിംഗിൽ എർത്തിന്റെ ആവശ്യകത എന്ത്?

8. ചിത്രത്തിൽ കാണുന്ന പ്രവർത്തനങ്ങളുടെ പേര് എഴുതുക?


A


B


C


D

9. ഫ്ളെക്സി ഫയൽ നിർമാണത്തിൽ ഐലെറ്റിന്റെ പ്രാധാന്യം എന്ത്?

**10 മുതൽ 11 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരം എഴുതുക. ശരിയുത്തരത്തിന് 4 സ്കോർ.**
**(1 × 4 = 4)**

10. ഓഫീസ് ഫയൽ നിർമാണത്തിന് ആവശ്യമായ സാധന സാമഗ്രികൾ ഏതെല്ലാം? നിർമാണരീതി വിവരിക്കുക?

OR

11. "ലഹരിവിമുക്ത നവകേരളം" എന്ന വിഷയവുമായി ബന്ധപ്പെട്ട് 15 സെ.മി. നീളത്തിലും 12 സെ.മി. വീതിയിലും അഞ്ചിൽ കുറയാത്ത നിറങ്ങൾ ഉപയോഗിച്ച് ആശയവ്യക്തതയോടുകൂടി പോസ്റ്റർ തയ്യാറാക്കുക.